**ആർ.ആർ.6-8375/08** രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ഓഫീസ്,
തിരുവനന്തപുരം, തീയതി 22/12/2008.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം.

**എല്ലാ രജിസ്ട്രേഷൻ ഡി.ഐ.ജി/ജില്ലാ രജിസ്ട്രാർ(ജനറൽ/ഓഡിറ്റ്)മാർക്കും**
*(ഇ-മെയിലിൽ ലഭിക്കുന്ന ഈ കത്തിന്റെ കോപ്പി ജില്ലാ രജിസ്ട്രാർ (ജനറൽ)മാർ അതാത് ജില്ലാ രജിസ്ട്രാർ(ഓഡിറ്റ്)മാർക്കും ബന്ധപ്പെട്ട ഡി.ഐ.ജിമാർക്കും ഇന്നു തന്നെ നൽകേണ്ടതാണ്.)*

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - 29/11/2008 ലെ ബഹുമാനപ്പെട്ട നികുതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിമാസ യോഗ തീരുമാനം- ആധാരങ്ങളിൽ കെട്ടിടങ്ങളുടെ മതിപ്പ് വിലനൽകിയിട്ടുള്ളത് പരിശോധിച്ച് തിട്ടപ്പെടുത്തുന്നത്-സംബന്ധിച്ച്

സൂചന:- 1. നികുതി (ഇ) വകുപ്പ് സെക്രട്ടറിയുടെ 06/12/2008 ലെ1553/ഇ1/റ്റിഡി നമ്പർ കത്ത് പ്രകാരമുള്ള മീറ്റിംഗ്-മിനുട്സ്

2. ഈ ഓഫീസിലെ 15/12/2008 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചന (2) ൽ പരാമർശിച്ച കത്തിൽ നിർദേശിച്ച വിധം കെട്ടിടങ്ങളുടെ മതിപ്പു വില ഫോറം I B യിൽ കൊടുത്തിട്ടുള്ളത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പൊതുവെ പരിശോധിക്കുന്നതിനു നൽകിയ നിർദേശം കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലുകൾക്കും ശേഷം മാത്രം നടപ്പാക്കിയാൽ മതി എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതിനാൽ ഇതു സംബന്ധിച്ച എല്ലാ തുടർ നടപടികളും ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ നിർത്തിവെച്ചതായി ഇതിനാൽ അറിയിക്കുന്നു.

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

പകർപ്പ്: -

1. ഗവൺമെന്റ് സെക്രട്ടറി , നികുതി (ഇ) വകുപ്പ് ( ആമുഖ കത്ത് സഹിതം )
2. രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ ബ്രാഞ്ച് ഓഫീസർമാർ
4. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ
5. ജില്ലാ രജിസ്ട്രാർമാർ
6. എല്ലാ സബ് രജിസ്ട്രാർമാർക്കും, ചിട്ടി ഇൻസ്പെക്ടർ/ഓഡിറ്റർമാർക്കും*(അതാത് ജില്ലാ രജിസ്ട്രാർ(ജനറൽ)മാർ നൽകേണ്ടതും കൈപ്പറ്റ് വാങ്ങി ഫയൽ ചെയ്യേണ്ടതുമാണ്.)*
7. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ എല്ലാ സെക്ഷൻ മേധാവികൾക്കും.